40930

നം. എ3-40930/15

സാമൂഹ്യ നീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.
തീയതി: 26..11..2015

26 ... 2015

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - പഞ്ചായത്ത്/നഗരപാലിക നിയമ പ്രകാരം കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങൾക്ക് നോൺ പ്ലാൻ ശീർഷകങ്ങളിൽ അഡീഷണൽ ആതറൈസേഷൻ വഴി അധിക തുക കണ്ടെത്തുന്നത് - പ്രപ്പോസൽ നൽകുന്നത് സംബന്ധിച്ച്:-

സൂചന:- 1)ജി.ഒ.(ആർ.റ്റി) നം.467/2015/എസ്.ജെ.ഡി. തീയതി: 29..07..2015
2)ഈ ആഫീസിലെ മേലെഴുത്ത് കത്ത് നം. എ3-39316/13 തീയതി: 30..07..2015

സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ വരുന്നതും പഞ്ചായത്ത്/നഗരപാലിക നിയമ പ്രകാരം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതുമായ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ ഭക്ഷണസാധനങ്ങൾ, മെഡിസിൻ, വസ്ത്രം എന്നിവയുടെ നിലവിലെ നിരക്ക് വർദ്ധപ്പിക്കുകയും റിക്രിയേഷൻ/ടൂർ, കുട്ടികളുടെ പഠനചെലവ്, യൂണിഫോം, എയ്ഡ്സ് ആന്റ് അപ്ലയൻസ് , ഹെയർ കട്ടിംഗ്, കരുതൽ ധനം എന്നിവയ്ക്ക് തുക പുതുതായി ഉൾപ്പെടുത്തിയും സൂചന (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകകൾ ഈ സാമ്പത്തിക വർഷത്തേയ്ക്ക് മതിയാകുന്നതല്ല. ഈ സാഹചര്യത്തിൽ അധിക തുക കണ്ടെത്തുന്നതിന് സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ നൽകേണ്ടതുണ്ട്.

ആയതിനാൽ അന്യത്ര ചേർത്തിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ 2015 ഏപ്രിൽ മാസം 1-ാം തീയതി മുതൽ 2015 ജൂലൈ മാസം 26-ാം തീയതി വരെ ഓരോ ദിവസവും സ്ഥാപനത്തിലുണ്ടായിരുന്ന അന്തേവാസികളുടെ എണ്ണം, അവർക്ക് വേണ്ടി പ്രതിമാസം 750/- രൂപ നിരക്കിൽ സംരക്ഷണ ചെലവിനായി ചെലവാക്കിയ തുക കണക്കാക്കിയും, 2015 ജൂലൈ മാസം 27-ാം തീയതി മുതൽ ഓരോ ദിവസവും സ്ഥാപനത്തിലുണ്ടായിരുന്ന അന്തേവാസികളുടെ എണ്ണം, അവർക്ക് വേണ്ടി പ്രതിമാസം സൂചന (1) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെലവാക്കിയ തുക കണക്കാക്കിയതുമായ യൂട്ടിലേസേഷൻ സർട്ടിഫിക്കറ്റോടെ 31.3.2016 വരെ ചെലവഴിക്കുന്നതിനാവശ്യമായ (നിവിലുള്ള അന്തേവാസികളുടെ എണ്ണം കണക്കാക്കി ) തുയ്ക്കുള്ള പ്രപ്പോസൽ **മടക്ക തപാലിൽ** ഈ കാര്യാലയത്തിൽ അയച്ചുതരേണ്ടതാണ്.

മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന പ്രപ്പോസൽ ക്രോഡീകരിച്ച് സർക്കാരിന് നൽകുന്നതും അതു പ്രകാരം സർക്കാരിൽ നിന്നും അനുവദിക്കുന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് അനുവദിക്കുന്നതുമാണ്. ആയതിനാൽ ഒഴിച്ചു കൂടുവാൻ കഴിയാത്ത തുകകൾ മാത്രമേ ആവശ്യപ്പെടാൻ പാടുള്ളു. ഒരു കാരണവശാലും ഈ തുകകൾ സറണ്ടർ ചെയ്യാൻ കഴിയുന്നതല്ല എന്ന വിവരം മുൻകൂട്ടി അിറയിക്കുന്നു. മാത്രമല്ല വൈകി കിട്ടുന്ന അപേക്ഷകൾ പരിഗണിക്കുന്നതുമല്ല.

26/11/15

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

27/11

# പ്രൊഫോർമ

ആഫീസിന്റെ പേര്:
ടെലി. നം(STD Code സഹിതം)

മൊബൈൽ നം:
(സിയുജി/പേഴ്സണൽ)

വകുപ്പ് ശീർഷകം:

തദ്ദേശ സ്വയംഭരണ
സ്ഥാപനത്തിന്റെ ശീർഷകം:

തദ്ദേശ സ്വയംഭരണ
സ്ഥാപനത്തിന്റെ പേര്:

| സബ്/മൈനർ ശീർഷകം | | 2015-16 ൽ അനുവദിച്ച് നൽകിയ തുക | DORE പ്രകാരം ഇതുവരെ ചെലവഴിച്ച തുക | ഇപ്പോൾ മിച്ചമുള്ള തുക | അധികമായി ആവശ്യപ്പെടുന്ന തുക | |
|---|---|---|---|---|---|---|
| തുക | | തുക | തുക | തുക | തുക | |
| (1) | | (2) | (3) | (4) | (5) | (6) |
| 34- | മറ്റ് ചെലവുകൾ | | | | | |

(ഒപ്പ്)
പേര്
ഡെസിഗ്നേഷൻ

സ്ഥലം:

(ആഫീസ് മുദ്ര)